| പതിമൂന്നാം കേരള നിയമസഭ | | | |
|---|---|---|---|
| പതിനാറാം സമ്മേളനം | | | |
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1901 | | 16/02/2016 ൽ മറുപടിക്ക് | |
| **പിൻവലിച്ച വിജിലൻസ് കേസുകൾ** | | | |
| ചോദ്യം | | മറുപടി | |
| ശ്രീ.കോടിയേരി ബാലകൃഷ്ണൻ | | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി ) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ ഏതൊക്കെ നമ്പറുകളിലുള്ള ഏതൊക്കെ സ്വഭാവമുള്ള വിജിലൻസ് കേസുകളാണ് പിൻവലിച്ചതെന്ന് വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ പിൻവലിച്ച 4 വിജിലൻസ് കേസുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു |

സെക്ഷൻ ഓഫീസർ

അനുബന്ധം

1. <u>വി.സി. 03/1997/കെ.എസ്.ഡി.</u>

ശ്രീ. സുന്ദർ സിംഗ്ഗം മറ്റ് രണ്ട് പേരും 1997-ൽ (കൃഷി ഓഫീസർ, ഗൗളിമുഖ,കാസർകോഡ് ) ജില്ല 75,000/- രൂപ (എഴുപത്തിയയ്യായിരം രൂപ മാത്രം) ദുർവിനിയോഗം ചെയ്തതായ ആരോപണത്തിൻമേൽ രജിസ്റ്റർ ചെയ്ത കേസ്. പ്രതിയെ കണ്ടെത്താൻ കഴിയാത്തതുകൊണ്ടും മറ്റ് പ്രതികളെ കുറ്റവിമുക്തരാക്കിയതിനാലും 18..01.2014 തീയതിയിലെ ജി.ഒ.(ആർ.റ്റി) 11/2014/വിജി.നമ്പർ സർക്കാർ ഉത്തരവ്വ പ്രകാരം കേസ് പിൻവലിക്കാൻ ഉത്തരവ് ആകുകയും 17..04..2014-ൽ കോഴിക്കോട് വിജിലൻസ് കോടതി അത് അംഗീകരിക്കുകയും ചെയ്തു.

2. <u>വി.സി. 01/2001/എ.എൽ.പി.</u>

ശ്രീ. കെ.കെ. ശശിധരൻ, (മുൻ ഡയറക്ടർ സംസ്ഥാന ജലഗതാഗത വകുപ്പ്), ശ്രീ.കെ.ബാബു (എൻജിനീയർ), ശ്രീ.സി.എസ്.സുകുമാരപണിക്കർ (കോൺട്രാക്ടർ), ശ്രീ. ആർ. ചന്ദ്രശേഖരൻ നായർ (ഫിനാൻഷ്യൽ അസിസ്റ്റൻറ്) എന്നിവർ 1997-1998 കാലഘട്ടത്തിൽ 1,15,907/- രൂപ ജലഗതാഗത വകുപ്പിന് നഷ്ടമുണ്ടാക്കിയ ആരോപണത്തിൻമേലുള്ള കേസ് 30..03..2012 തീയതിയിലെ ജി.ഒ.(എം.എസ്) 13/2012/വിജി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പിൻവലിക്കാൻ ഉത്തരവാകുകയും. 31..03..2014-ൽ കോട്ടയം വിജിലൻസ് കോടതി അംഗീകരിക്കുകയും ചെയ്തു.

3. <u>വി.സി. 06/2009/സി.ആർ.ഇ.</u>
4. <u>വി.സി. 07/2009/സി.ആർ.ഇ.</u>

ശ്രീ. ജി. മോഹൻദാസ് (മുൻ മാനേജിംഗ് ഡയറക്ടർ, എറണാകുളം വെയർഹൗസിംഗ് കോർപ്പറേഷൻ) 2005 - 2006 കാലയളവിൽ മാസ ശമ്പളാടിസ്ഥാനത്തിൽ നടത്തിയ അനധികൃത നിയമനങ്ങളുമായി ബന്ധപ്പെട്ട കേസ് 20.06.2012 -ലെ 31/2012/വിജി. എന്ന സർക്കാർ ഉത്തരവ് പ്രകാരം 25..09..2012-ൽ തൃശ്ശൂർ വിജിലൻസ് കോടതി പിൻവലിച്ചു.

[signature]
സെക്ഷൻ ഓഫീസർ